പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3526 | 15. 07.2015- ൽ മറുപടി നല്കേണ്ടത്: |
|---|---|

**പച്ചക്കറികൾ / പഴങ്ങൾ എന്നിവയിലെ വിഷാംശം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതുമായ പച്ചക്കറികൾ, പഴങ്ങൾ എന്നിവയിൽ മാരകമായ അളവിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | എ) | എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് വീതം ക്രിമിനൽ കേസ്സുകൾ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമപ്രകാര ചാർജ്ജ് ചെയ്തിട്ടുണ്ട്. |
| ബി) | ക്യാൻസർവൃക്കരോഗം എന്നിവ വർദ്ധിച്ച് വരുന്നതിനുള്ള കാരണം മാരകമായ വിഷാംശമുള്ള പച്ചക്കറികളുടേയും കൃത്രിമ മാർഗത്തിൽ മാരകമായ വിഷം ഉപയോഗിച്ച് പഴപ്പിക്കുന്ന പഴങ്ങളുടെയും ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) | അത്തരത്തിലുള്ള പഠനം വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ